**15 -ാം കേരള നിയമസഭ**

**13 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 3936** **17-03-2025 - ൽ മറുപടിയ്ക്ക്**

**അടിമാലി താലൂക്ക് ആശുപത്രിയിലെ വികസന പ്രവർത്തന പ്രൊപ്പോസൽ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. എ. രാജ | | ശ്രീമതി വീണാ ജോർജ്ജ്<br>(ആരോഗ്യ- വനിത-ശിശുവികസന വകുപ്പ് മന്ത്രി) | |
| (എ) | ഇടുക്കി പാക്കേജിൽ ഉൾപ്പെടുത്തി അടിമാലി താലൂക്ക് ആശുപത്രിയിൽ വികസന പ്രവർത്തനങ്ങൾ നടത്തുന്നതിന് പ്രൊപ്പോസൽ നൽകിയിട്ടുണ്ടോ; എങ്കിൽ വിശദമാക്കുമോ; | (എ) | ഇടുക്കി പാക്കേജിൽ ഉൾപ്പെടുത്തി അടിമാലി താലൂക്ക് ആശുപത്രിയിൽ മൾട്ടി സ്റ്റോറീഡ് ബിൽഡിംഗ് പണിയുന്നതിന് 32.22 കോടി രൂപയുടെ പ്രൊപ്പോസൽ NHM തയ്യാറാക്കി സംസ്ഥാന ആസൂത്രണ ബോർഡിന് ലഭ്യമാക്കിയിട്ടുണ്ട് (ആദ്യഘട്ടം 4.99 കോടി രൂപ, രണ്ടാം ഘട്ടം 15.65 കോടി രൂപ, മൂന്നാം ഘട്ടം 11.57 കോടി രൂപ എന്നിങ്ങനെ ആണ് പ്രൊപ്പോസൽ). ആദ്യ ഘട്ട നിർമ്മാണത്തിന്, പൊതുമരാമത്ത് (കെട്ടിട വിഭാഗം) വകുപ്പിന് ഡീറ്റയിൽഡ് ലാന്റ് സ്കെച്ച്, റിക്വയർമെന്റ് ഡീറ്റെയിൽസ് എന്നിവ നൽകിയിട്ടുണ്ട്. ഒന്നാംഘട്ടത്തിൽ വരപ്പെട്ടിരിക്കുന്ന 4.99 കോടി രൂപയ്ക്ക്, പുതുതായി KIFB ഫണ്ട് ഉപയോഗിച്ച് പണി കഴിപ്പിച്ച് കൈമാറിയിട്ടുള്ള ഒ.പി ഡയഗ്നോസ്റ്റിക് ബ്ലോക്കിന്റെ മുകളിൽ 2 നിലകളിലായി പോസ്റ്റ് ഓപ്പറേറ്റീവ് വാർഡ്, ഓപ്പറേഷൻ തിയേറ്റർ എന്നിവ നിർമ്മിക്കുന്നതിനാണ് ലക്ഷ്യമിടുന്നത്. |
| (ബി) | എത്ര തുകയുടെ വികസന പ്രവർത്തനങ്ങൾ നടത്തുന്നതിനാണ് പ്രൊപ്പോസൽ സമർപ്പിച്ചിരിക്കുന്നത്; എന്തൊക്കെ പ്രവൃത്തികൾ നടപ്പിലാക്കുന്നതിനാണ് നിർദേശിച്ചിരിക്കുന്നത്; വിശദമാക്കാമോ? | (ബി) | ഇടുക്കി പാക്കേജിൽ ഉൾപ്പെടുത്തി അടിമാലി താലൂക്ക് ആശുപത്രിയിൽ മൾട്ടി സ്റ്റോറീഡ് ബിൽഡിംഗ് പണിയുന്നതിന് 32.22 കോടി രൂപയുടെ പ്രൊപ്പോസൽ NHM തയ്യാറാക്കി സംസ്ഥാന ആസൂത്രണ ബോർഡിന് ലഭ്യമാക്കിയിട്ടുണ്ട് (ആദ്യഘട്ടം 4.99 കോടി രൂപ, രണ്ടാം ഘട്ടം 15.65 കോടി രൂപ, മൂന്നാം ഘട്ടം 11.57 കോടി രൂപ എന്നിങ്ങനെ ആണ് പ്രൊപ്പോസൽ). ആദ്യ ഘട്ട നിർമ്മാണത്തിന്, പൊതുമരാമത്ത് (കെട്ടിട വിഭാഗം) വകുപ്പിന് ഡീറ്റയിൽഡ് ലാന്റ് സ്കെച്ച്, റിക്വയർമെന്റ് ഡീറ്റെയിൽസ് എന്നിവ നൽകിയിട്ടുണ്ട്. ഒന്നാംഘട്ടത്തിൽ വരപ്പെട്ടിരിക്കുന്ന 4.99 കോടി രൂപയ്ക്ക്, പുതുതായി KIFB ഫണ്ട് ഉപയോഗിച്ച് പണി കഴിപ്പിച്ച് കൈമാറിയിട്ടുള്ള ഒ.പി ഡയഗ്നോസ്റ്റിക് ബ്ലോക്കിന്റെ മുകളിൽ 2 നിലകളിലായി പോസ്റ്റ് |

| | | | |
|---|---|---|---|
| | | | ഓപ്പറേറ്റീവ് വാർഡ്, ഓപ്പറേഷൻ തിയേറ്റർ എന്നിവ നിർമ്മിക്കുന്നതിനാണ് ലക്ഷ്യമിടുന്നത്. |

സെക്ഷൻ ഓഫീസർ